**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2437** **12-02-2024 - ല്‍ മറുപടിയ്ക്ക്**

**നഗരകാര്യവകുപ്പിലെ ഹെല്‍ത്ത് ജീവനക്കാരുടെ പ്രമോഷന്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നഗരകാര്യവകുപ്പില്‍ 2023 ഫെബ്രുവരി മാസം മുതലുള്ള ഹെല്‍ത്ത് ജീവനക്കാരുടെ പ്രമോഷന്‍ ഒഴിവുകള്‍ എന്നത്തേയ്ക്ക് നികത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സീനിയര്‍ പബ്ലിക് ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍ തസ്തികയിലേക്ക് പ്രൊമോഷന്‍ നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>മുന്‍ മുനിസിപ്പല്‍ കോമണ്‍ സര്‍വ്വീസിലെ ജീവനക്കാരും നിലവില്‍ തദ്ദേശ സ്വയംഭരണ വകുപ്പില്‍ സീനിയര്‍ പബ്ലിക് ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍ ഗ്രേഡ്-I തസ്തികയില്‍ ജോലി ചെയ്യുന്നവരും ആയ ജീവനക്കാരെ നിലവില്‍ ക്ലീന്‍ സിറ്റി മാനേജര്‍ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നല്‍കുന്നതിന് ഡി.പി.സി. ലിസ്റ്റ് ഇല്ലാത്തതിനാല്‍ ഡി.പി.സി. സെലക്ഷന്‍ നടപടികള്‍ ഒഴിവാക്കി സ്ഥാനക്കയറ്റം നല്‍കാവുന്നതാണോ എന്നത് സംബന്ധിച്ച് പ്രിന്‍സിപ്പല്‍ ഡയറക്ടര്‍ സ്പഷ്ടീകരണം തേടിയിരുന്നതനുസരിച്ച് സര്‍ക്കാര്‍ ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വകുപ്പില്‍ നഗരസഭകളിലും കോര്‍പ്പറേഷനുകളിലും ക്ലീന്‍ സിറ്റി മാനേജര്‍ തസ്തിക (പഴയ ഹെല്‍ത്ത് സൂപ്പര്‍വൈസര്‍) ഒഴിഞ്ഞുകിടക്കുന്നതിനാല്‍ മാലിന്യമുക്ത പ്രവര്‍ത്തനങ്ങള്‍ ഏകോപിപ്പിക്കേണ്ടത് സംബന്ധിച്ച ബഹു ഹൈക്കോടതിയുടെ 21.03.2023 ലെ ഡബ്ല്യു.പി. (സി).നം 7844/2023 വിധി നഗരസഭകളില്‍ നടപ്പിലാക്കാനാകാത്ത അവസ്ഥ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയില്‍പ്പെട്ടിട്ടില്ല. |
| (സി) | കഴിഞ്ഞ ആറുമാസമായി പ്രസ്തുത തസ്തികയിലേക്കുള്ള പ്രമോഷന് ഡി.പി.സി കൂടാത്തതിനാല്‍ ഈ ഒഴിവ് നികത്താന്‍ കഴിയാത്ത സാഹചര്യത്തില്‍ ഡി.പി.സി ഒഴിവാക്കി പ്രമോഷന്‍ നല്‍കി കോടതി നിര്‍ദേശിച്ച പ്രകാരം മാലിന്യമുക്ത പ്രവര്‍ത്തനങ്ങള്‍ മൂന്നാം ഘട്ടം മാര്‍ച്ച് 31ന് മുമ്പ് പൂര്‍ത്തീകരിക്കാന്‍ നടപടികള്‍ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | മുന്‍ മുനിസിപ്പല്‍ കോമണ്‍ സര്‍വ്വീസിലെ ജീവനക്കാരും നിലവില്‍ തദ്ദേശ സ്വയംഭരണ വകുപ്പില്‍ സീനിയര്‍ പബ്ലിക് ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍ ഗ്രേഡ്-I തസ്തികയില്‍ ജോലി ചെയ്യുന്നവരും ആയ ജീവനക്കാരെ നിലവില്‍ ക്ലീന്‍ സിറ്റി മാനേജര്‍ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നല്‍കുന്നതിന് ഡി.പി.സി. ലിസ്റ്റ് ഇല്ലാത്തതിനാല്‍ ഡി.പി.സി. |

| | | | |
|---|---|---|---|
| | | | സെലക്ഷൻ നടപടികൾ ഒഴിവാക്കി സ്ഥാനക്കയറ്റം നൽകാവുന്നതാണോ എന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ സ്പഷ്ടീകരണം തേടിയിരുന്നതനുസരിച്ച് സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (ഡി) | 2023ലെ ട്രാൻസ്ഫറിൽ നഗരസഭകളിലെ ആരോഗ്യ വിഭാഗം ജീവനക്കാരുടെ അനോമലി പരിഹരിക്കുന്നതിനായി അപേക്ഷ സ്വീകരിച്ച് അപ്പീൽ കമ്മിറ്റിയും ഗവൺമെന്റും ഉത്തരവ് നൽകി മൂന്നു മാസം കഴിഞ്ഞിട്ടും ഡയറക്ടറേറ്റിൽ നിന്നും ഉത്തരവ് ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | ക്ലീൻ സിറ്റി മാനേജർ തസ്തികയിലെ പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട അപ്പീൽ തീർപ്പാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവിന്മേൽ സമയബന്ധിതമായി പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ